## മലയാളം സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന

# മിഷനറി ഭാഷാശാസ്ത്രം



ഡോ. ഡി. ബാബു പോൾ

**ഭാ**ഷാശാസ്ത്രം താരതമ്യേന ഒരു പുതിയ വിജ്ഞാനശാഖയാണ് എന്ന് നമുക്കൊക്കെ അറിയാം. വ്യാകരണം ചൈനയിലും ഭാരതത്തിലും ഗ്രീസിലും ഒക്കെ പ്രാചീനകാലം മുതലേ പ്രചാരത്തിലുള്ള വിജ്ഞാനമണ്ഡലം ആയിരുന്നുവെങ്കിലും ആധുനിക ഭാഷാശാസ്ത്രത്തിന് പത്തുമുന്നൂറ് കൊല്ലത്തിനപ്പുറം പഴക്കമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് മിഷനറി ഭാഷാ ശാസ്ത്രം ഒരു അംഗീകൃതശാഖ എന്ന നിലയിൽ ഭാഷാ ശാസ്ത്രചരിത്രകാരന്മാരുടെ റഡാറിൽ പ്രത്യക്ഷപ്പെട്ടിട്ട് കാലം ഏറെ ആയില്ല എന്നത് വീട്ടിൽ എഴുത്തയച്ചറിയിക്കാനുള്ള വിശേഷമാണ് എന്ന് പറയാവതല്ല. എന്നാൽ ഈ നൂറ്റാണ്ടിൽ മാത്രം ശ്രദ്ധാർഹമായി പരിണമിച്ച ഒരു വിജ്ഞാനശാഖയിൽ മലയാളം സർവ്വകലാശാല താൽപര്യം കാട്ടുന്നു എന്നത് നമ്മുടെ നാട്ടിലെ അക്കാദമിക സാഹചര്യങ്ങളിൽ പ്രശംസ അർഹിക്കുന്നു എന്ന് പറയാതെ വയ്യ. വൈസ്ചാൻസലറെയും സഹപ്രവർത്തകരെയും അഭിനന്ദിച്ചുകൊണ്ട് വേണം ഈ കുറിപ്പ് തുടങ്ങാൻ.

1969ൽ അറെൻസ് എന്ന പണ്ഡിതന്റെ പരാമർശത്തോടെയാണ് മിഷനറി ഭാഷാശാസ്ത്ര ശാഖ അംഗീകരിക്കപ്പെട്ടത് എന്ന് അറിയാറുണ്ടെങ്കിലും അദ്ദേഹത്തിന്റേത് ഒരു അനുഷങ്ഗിക പരാമർശം എന്നതിനപ്പുറം പ്രധാനമായിരുന്നില്ല എന്നാണ് ഇപ്പോൾ പണ്ഡിതർ പറഞ്ഞു കാണുന്നത്. മിഷനറിമാരുടെ സംഭാവന പഠനവിഷയമാക്കാതെ ഭാഷാശാസ്ത്ര ചരിത്രപഠനം പൂർത്തിയാവുകയില്ല എന്ന് പണ്ഡിതർ പറഞ്ഞത് തന്നെ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. ഈ രംഗത്ത് ഏറെ ജോലി നടന്ന കാലമാണ് കഴിഞ്ഞ പത്തുപതിനഞ്ച് കൊല്ലം. മിഷനറിഭാഷാശാസ്ത്ര സംബന്ധമായ ഗവേഷണങ്ങളും പ്രസിദ്ധീകരണങ്ങളും ഏറെയുണ്ടായി ഇക്കാലത്ത്. വിജ്ഞാനവിസ്ഫോടനം എന്ന് തന്നെയാണ് ഇതിനെ വിശേഷിപ്പിച്ചു കാണുന്നത്.

1861-1930 കാലത്ത് ജീവിച്ചിരുന്ന ജോസഫ് ഡാർമൻ എന്ന ഈശോസഭാവൈദികനാണ് ഈ വിഷയത്തിൽ ഗൗരവമായ പഠനം നടത്തിയ പ്രമുഖ വ്യക്തി. അതിന് മുമ്പ് പരാമർശങ്ങൾ ഉണ്ടായിട്ടില്ലെന്നല്ല, അവ ഗഹനപഠനങ്ങളെ അടയാളപ്പെടുത്തിയ പ്രസ്താവനകളായിരുന്നില്ല എന്നാണ ്പറയാൻ ശ്രമിക്കുന്നത്. അമേരിക്കൻ ഇന്ത്യൻ ഭാഷകളെക്കുറിച്ചുള്ള പഠനങ്ങൾ ശൈശവാവസ്ഥയിലാണ്(സ്റ്റിൽ ഇൻ ഇറ്റ്സ് ഇൻഫൻസി) എന്ന് കൊയേർണർ പറഞ്ഞിട്ടുണ്ട്. പോളണ്ടിൽ ജനിച്ച് പാശ്ചാത്യ സർവ്വകലാശാലകളിൽ പഠിച്ചും പഠിപ്പിച്ചും പ്രശസ്തനായ കൊയേർണർ ഭാഷ - ഭാഷാശാസ്ത്രവിജ്ഞാനകോശം എന്ന ബൃഹദ്കൃതിയുടെ എഡിറ്റർ ആയ ആഷറോടൊപ്പം ഭാഷാ ശാസ്ത്ര ചരിത്രത്തിന്റെ സബ്ജക്റ്റ് എഡിറ്റർ ആയിരുന്ന വ്യക്തിയാണ് എന്ന് ഓർക്കണം.

ഓസ്പ്രോമിൽ സമ്മേളനങ്ങൾ എന്നറിയപ്പെടുന്ന പണ്ഡിതസമാഗമങ്ങൾ മിഷനറിഭാഷാ ശാസ്ത്രപഠനത്തിന് ആക്കം കൂട്ടി. ഓസ്ലോ, പ്രോജക്റ്റ് ഓൺ മിഷനറി ലിംഗ്വിസ്റ്റിക്സ് ആണ് ഓസ്പ്രോമിൽ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. ലോകത്തെമ്പാടുമുള്ള മിഷനറിഭാഷാ ശാസ്ത്ര പ്രയത്നങ്ങളെക്കുറിച്ചുള്ള പഠനം ആയിരുന്നു ഈ സമ്മേളനങ്ങളുടെ ലക്ഷ്യം. ഇത്തരം പരിമിതി അവയിൽ പങ്കെടുക്കുന്ന വ്യക്തികളും അവതരിപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളും മതിൽകെട്ടിനകത്ത് സൃഷ്ടിക്കുന്ന വേലിക്കെട്ടുകളാണ്.

ആ സമ്മേളനങ്ങൾക്ക് ഒരു സമഗ്രത അവകാശപ്പെടാനാവുകയില്ലെങ്കിലും പ്രസിദ്ധീകരണങ്ങളും ഗവേഷണപഠനങ്ങളും ആ പരിമിതി നികത്തികൊണ്ടാണിരിക്കുന്നത് വർത്തമാനകാലത്ത്, ആ യജ്ഞത്തിലെ ഒരു പ്രധാന ചുവടാണ് കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

ഈ രചനയിലേയ്ക്ക് വരുന്നതിന് മുമ്പ് മറ്റൊരു സംഗതി കൂടെ പരാമർശിക്കണം. മിഷനറി ഭാഷാശാസ്ത്രവും കൊളോണിയൽ ഭാഷാശാസ്ത്രവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, അവയുടെ സാജാത്യവൈജാത്യങ്ങൾ അവ തമ്മിലുള്ള പാരമ്പര്യത്തെ ഉറപ്പിക്കുന്നുവോ ദുർബ്ബലപ്പെടുത്തുത്തുവോ എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഭാഷാശാസ്ത്ര വിദ്യാർത്ഥികൾ ശ്രദ്ധിക്കാതിരുന്നു കൂടാ. ആമുഖത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. എല്ലാ പ്രസ്താവനകളും ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയില്ലെങ്കിലും മിഷനറി കോളോണിയൽ ഭാഷാശാസ്ത്രങ്ങൾ പ്രതിഭിന്നങ്ങളാകുന്നത് മിഷനറിമാരും കോളണിയിലെത്തിയ പരദേശികളായ അത്മായരും പുത്തൻ പടിപ്പുരകളിലെ ഭാഷകളെ എങ്ങനെ കാണുകയും കൈകാര്യം ചെയ്യുകയും ചെയ്തു എന്നതിനെ അടിസ്ഥാനമാക്കിയാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ, യാത്രികർ, അന്വേഷകർ, നാവികർ, കോളനി സ്ഥാപകർ, കോളനി ഉദ്യോഗസ്ഥർ, മിഷനറിമാർ, സാമൂഹിക ശാസ്ത്രജ്ഞർ, നരവംശ ശാസ്ത്രജ്ഞർ, ഭാഷാ ശാസ്ത്രജ്ഞർ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർ യൂറോപ്യൻ കോളണികളിലെ ഭാഷകളെക്കുറിച്ചുള്ള പഠനത്തിൽ ഏറിയും കുറഞ്ഞും പങ്കു വഹിച്ചിട്ടുള്ളതായി നമുക്കറിയാം. മുൻതൂക്കം മിഷനറിമാർക്കായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ ഈ അവസ്ഥ മാറി. ഭാഷാ ശാസ്ത്രചരിത്രത്തിലെ ശ്രദ്ധേയമായ ഒരു വ്യതിയാനമാണ് അവിടെ കാണുന്നത്. ഷമോറോ ഭാഷയിലെ സ്ഥിതി ഒരു പ്രബന്ധത്തിൽ വായിക്കാനിടയായി. പതിനേഴാം നൂറ്റാണ്ടിൽ സാൻവിത്തോറ എന്ന മിഷനറി മാത്രം. പത്തൊമ്പതാം നൂറ്റാണ്ടിൽ പല മിഷനറിമാർക്കൊപ്പം ഒരു അവൈദിക പണ്ഡിതനും, ഇരുപതാം നൂറ്റാണ്ടിൽ ഒരേയൊരു വൈദികൻ, എട്ട് അവൈദികർ, സ്പാനിഷ് മിഷനറി തുടങ്ങിയിടത്ത് അവൈദികരായ ജർമ്മൻ, അമേരിക്കൻ, ഡച്ച്, ജപ്പാനീസ് പണ്ഡിതർ മേൽക്കൈ

നേടി, ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം അസ്തമിച്ചപ്പോൾ.

മലയാളത്തെ സംബന്ധിച്ചിടത്തോളം ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായർ എന്ന മഹാപ്രതിഭ രംഗത്തുവരുവോളം നമുക്ക് ഉണ്ടായിരുന്നത് മിഷനറി ഭാഷാശാസ്ത്രം മാത്രം ആയിരുന്നു എന്ന് കരുതുന്നയാളാണ് ഞാൻ. ഇളംകുളം ഡോ. രാഘവൻപിള്ള, ഡോ. കെ.എം. ജോർജ്ജ് തുടങ്ങിയവർ ഇതര വൈജ്ഞാനികന്വേഷണങ്ങളുടെ ഭാഗമായി ഭാഷാശാസ്ത്ര സമസ്യകൾ ചർച്ചയ്ക്കെടുത്തിട്ടുണ്ടാവാം എന്നത് മറന്നിട്ടല്ല ഇത് പറയുന്നത്. ഏതായാലും കൊളോണിയൽ ഭാഷാശാസ്ത്രം മിഷനറി ഭാഷാ ശാസ്ത്രത്തിൽ നിന്ന് വ്യതിരിക്തമായ ഒരു അസ്തിത്വം കേരളത്തിൽ അവകാശപ്പെടുമെന്ന് തോന്നുന്നില്ല.

ഇനി ഈ കൃതിയിലേയ്ക്ക് വരാം. ആമുഖ പ്രസ്താവന തൊട്ട് ആദിമദ്ധ്യാന്തം പഠനാർഹമാണ് ഇത്. എന്നാൽ ഹൗധേഗൻ 1996ൽ എഴുതിയ ഗ്രന്ഥത്തിലാണ് മിഷനറി ഭാഷാശാസ്ത്രം പഠനമേഖലയായി അവതരിപ്പിച്ചത്  എന്ന പ്രസ്താവന വിശദീകരണം അർഹിക്കുന്നുണ്ട്. നേരത്തെ പരാമർശിച്ച ഡാർമന്റെ കൃതി 1891ൽ പ്രസിദ്ധീകരിച്ചതാണല്ലോ. അതിനെക്കുറിച്ച് The only Comprehensive Study of Missionary Linguistics എന്ന് 1996ലെ ഒരു കൃതിയിൽ പ്രസ്താവിച്ചിട്ടുള്ളതായി ഓട്ടോ സ്വാർട്ടിന എഴുതിയിട്ടുമുണ്ട്. സർവ്വകലാശാലതലത്തിൽ ഔപചാരിക പഠനം തുടങ്ങിയ കാര്യം ആവാം ആമുഖക്കാരൻ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഒരു പിൻകുറിപ്പ് ചേർക്കുന്നത് നന്നായിരിക്കും എന്ന് തോന്നുന്നു.

വ്യാകരണം, നിഘണ്ടു എന്നിവയുടെ നിർമ്മിതി ഭാഷാകുതുകികളായ മിഷനറിമാരെ ആകർഷിച്ചു എന്ന് നമുക്കറിയാം. എന്നാൽ ഭാഷാചരിത്രപഠനം എന്ന നിലയ്ക്കല്ലാതെ ഭാഷാശാസ്ത്ര പഠനത്തിന്റെ ഭാഗമായി അവരുടെ സേവനങ്ങൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. മുമ്പ് വ്യാകരണവും നിഘണ്ടുവും ഒക്കെ ഭാഷാശാസ്ത്രത്തിന്റെ പ്രയുക്തഭാവം എന്നതിലേറെ ഭാഷാസേവനത്തിന്റെ നാഴികക്കല്ലുകളായിട്ടാണ് വീക്ഷിക്കപ്പെട്ടിരുന്നത് എന്നത് ഇതിന് ഒരു കാരണം ആകാം. എന്നാൽ ഗുണ്ടർട്ടിനെ പോലെയുള്ള മഹത്ത്വപൂർണ്ണവ്യക്തിത്വങ്ങളെ ഒരു പ്രാദേശിക ഭാഷയുടെ അതിരുകളിൽ തളച്ചിടുന്നത് അഭംഗിയാണ്. കോളിൻസും ഗുണ്ടർട്ടും ഒക്കെ ഇന്ന് നിർവചിക്കപ്പെടുന്ന രീതിയിലുള്ള ഭാഷാശാസ്ത്രത്തിന്റെ ചരിത്രത്തിലാണ് അടയാളപ്പെടുത്തപ്പെടേണ്ടത്. ബാസൽ മിഷൻ- സിഎം.എസ് മിഷനറിമാരുടെയും അർണ്ണോസ് മുതൽ ഇങ്ങോട്ടുള്ള പാതിരിമാരുടെയും (വിദേശീയരായ കത്തോലിക്കാ വൈദികരെയാണ് പാതിരി എന്ന ശബ്ദം സൂചിപ്പിക്കുന്നത്). സംഭാവനകൾ ഒരുതരം യൂറോപ്യൻ - മലയാള സങ്കര ധൈഷണികത രൂപപ്പെടുത്തി എന്നത് നിസ്തർക്കമാണല്ലോ. നമ്മുടെ നിഘണ്ടു നിർമ്മാണം തന്നെ എടുക്കുക. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ തന്നെ കുസിഞ്ഞ അടുക്കളയാണെന്ന് യൂറോപ്യൻ മിഷനറിമാർ തിരിച്ചറിഞ്ഞു കാണണം. അങ്ങനെ നാം കുശിനി എന്ന പദത്തിന് വഴി വെട്ടി. അർണോസ് പാതിരിയാണ് ഇത്തരം പദങ്ങളുടെ പട്ടികകൾ കൂടെ ആധാരമാക്കി ആദ്യത്തെ നിഘണ്ടു - മലയാളം പോർച്ചുഗീസ്- നിർമ്മിച്ചത്, അദ്ദേഹത്തിന് അത് പൂർത്തിയാക്കാനായില്ലെങ്കിലും കത്തോലിക്കാ മിഷനറിമാരിൽ നിന്ന് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പാദത്തിൽ ഇംഗ്ലീഷ്- മലബാർ ഭാഷ നിഘണ്ടു വന്നു. അതിന് മുമ്പ് തന്നെ ബെയിലിയുടെ ഇംഗ്ലീഷ് - മലയാളം നിഘണ്ടു അച്ചടിച്ചിരുന്നു. നാം ഇന്ന് ഉപയോഗിക്കുന്ന അക്ഷരങ്ങൾ ബെയ്ലിയുടെ സംഭാവനയാണ് എന്നത് സുവിദിതമാണ്. ആ നിലയ്ക്ക് നിഘണ്ടു നിർമ്മാണം എന്നതിനെക്കാൾ സുപ്രധാനമായ ഒരു സംഭാവനയാണ് ബെയിലി നൽകിയത്. റമ്പാൻ ബൈബിൾ അതിന് മുമ്പ് തന്നെ അച്ചടിക്കപ്പെട്ടിരുന്നുവെങ്കിലും അക്ഷരങ്ങൾ ചതുരവടിവിൽ ആയിരുന്നുവല്ലോ. നിഘണ്ടുവിലേക്ക് മടങ്ങിയാൽ ഗുണ്ടർട്ട് ഇവിടെയാണ് അടയാളപ്പെടുത്തപ്പെടുന്നത്. കൃത്യമായി പറഞ്ഞാൽ 1873ൽ ഒരു ത്രിഭാഷാ നിഘണ്ടുവും (മലയാളം- ലത്തീൻ- ഇംഗ്ലീഷ്) നാട്ടുകാരനായ അബ്രഹാം കത്തനാരുടെ സുറിയാനി- മലയാളം നിഘണ്ടുവും ഒക്കെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ സംഭാവനകളാണ്.

വ്യാകരണമാണ് ഈ ദൃശ്യമായ ഒരു പഠനത്തിൽ ശ്രദ്ധിക്കാനുള്ള മറ്റൊരു മേഖല. ഭാഷാശാസ്ത്രവും വ്യാകരണവും വ്യത്യസ്ത വിജ്ഞാനശാഖകളാണ് എന്ന അഭിപ്രായം ഒരു വിഭാഗം ഭാഷാശാസ്ത്രവിശാരദന്മാർ വച്ചു പുലർത്തുന്നുണ്ട്  എന്നറിയാതല്ല ഇത് പറയുന്നത്. ആ തർക്കം പണ്ഡിതർ തുടരുകയോ തീർക്കുകയോ ചെയ്തുകൊള്ളട്ടെ. വാമൊഴി അടിസ്ഥാനമാക്കി കുറിപ്പുകൾ തയ്യാറാക്കിയ അഞ്ജലോസ് ഫ്രാൻസിസ് മുതൽ അർണോസ് പാതിരിയെപ്പോലുള്ള കത്തോലിക്കരും പീറ്റിനെയും കോളിൻസിനെയും പോലുള്ള ആംഗ്ലിക്കൻ മിഷനറിമാരും അടക്കം ഒട്ടേറെ വിദേശികൾ കൈയാളിയതാണ് ഈ വിഷയമെങ്കിലും ഗുണ്ടർട്ടാണ് മൺചിരാതുകൾക്കിടയിൽ നിൽക്കുന്ന ആയിരംതിരി വിളക്ക് എന്ന പ്രസ്താവന ചോദ്യം ചെയ്യപ്പെടുമെന്ന് തോന്നുന്നില്ല. ഗുണ്ടർട്ടിന്റെ *എ കാറ്റിക്കിസം ഓഫ് മലയാളം ഗ്രാമർ* ബാസൽ മിഷൻ തന്നെ ഭാഷാന്തരം ചെയ്യുകയും ചെയ്തു. എന്നാൽ ഇവർക്കൊപ്പം അംഗീകരിക്കപ്പെടേണ്ടയാളാണ് റവ. ജോർജ് മാത്തൻ. ഗുണ്ടർട്ടിന്റെ കൃതി പൂർണ്ണരൂപം പ്രാപിക്കുന്നതിന് അഞ്ച് വർഷം മുമ്പ് തന്നെ ഈ തദ്ദേശീയ വൈയാകരണന്റെ *മലയാഴ്മയുടെ വ്യാകരണം* പുറത്തുവന്നിരുന്നു എന്ന വസ്തുത വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടു കാണുന്നില്ല എന്ന പരാതിക്ക് മലയാളം സർവ്വകലാശാലയുടെ ഈ കൃതിയിലെ പല പഠനങ്ങളും ഒരളവ് വരെ പരിഹാരമാകുന്നുണ്ട് എന്നും നിരീക്ഷിച്ചുകൊള്ളട്ടെ.

വ്യാകരണം കൂടാതെ ഒരു ഭാഷാശാസ്ത്രപഠനവും പൂർത്തിയാവുകയില്ല. മലയാളത്തിലെ എല്ലാ വാക്കുകളും അറിയുന്നവർക്കും ആ വാക്ക് പ്രയോഗിക്കണമെങ്കിൽ വ്യാകരണം അറിയേണ്ടതുണ്ട്. പൂച്ച എലിയെ പിടിക്കുന്നു എന്ന വാക്യം ജാപ്പനീസ് വ്യാകരണം അനുസരിക്കുന്ന പക്ഷം പൂച്ച പിടിക്കുന്നു എലിയെ എന്നാണ് പറയേണ്ടി വരികയത്രെ. ഐറിഷ് ഭാഷയിലാകട്ടെ പിടിക്കുന്നു പൂച്ച എലിയെ എന്നതാണ് ശരി. വാക്കുകളുടെ ക്രമം ഇംഗ്ലീഷിലും സ്വാഹിളിയിലും ഒരുപോലെയാണ്. ഐറിഷിലും മാസായിയിലും സമാനമാണ് എന്നൊക്കെ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രബന്ധം കുറെക്കാലം മുമ്പ് വായിച്ചത് ഓർമ വരുന്നു. പദക്രമം (Syntax) ഓരോ ഭാഷയിലും വ്യത്യസ്തമാവാം എന്നും അതേ സമയം ഒരു തരത്തിലും ഒരു ബന്ധവും ഇല്ലാത്ത ഭാഷകളിൽ ഒരേപോലെ ആയി എന്നു വരാം എന്നുമാണ് ഇപ്പറഞ്ഞതിന്റെ സാരം. വാക്കുകൾ രൂപപ്പെടുന്നതും ഓരോ തരത്തിലാവാം. അനതിസാധാരാണ അനതിപ്രശസ്തൻ എന്നൊക്കെ പറയുമ്പോലെ. ഇംഗ്ലീഷിൽ *അൺപുട്ഡൗണബിൾ* എന്നൊരു വാക്ക് പ്രയോഗസാധുത നേടി ഓക്സ്ഫഡ് നിഘണ്ടുവിൽ എത്തിയിട്ടുണ്ട്. *പുട്ട്ഡൗൺ- പുട്ട്ഡൗണബിൾ- അൺപുട്ഡൗണബിൾ*. അതായത് വാക്കുകളുടെ *സിൻടാക്സും മോർഫോളജിയും* ഭാഷയെക്കുറിച്ചുള്ള അറിവിന്റെ ഭാഗം തന്നെ ആണ്. വ്യാകരണത്തെ ഭാഷാശാസ്ത്രത്തിന്റെ ഭാഗമായി കാണണോ സമാനമോ സമാന്തരമോ

ആയ വിജ്ഞാനശാഖകളായി രണ്ടിനെയും വേർതിരിച്ചു കാണണമോ എന്ന കാര്യത്തിൽ കൃത്യമായി അഭിപ്രായം പറയാതെ ഞാൻ തടിതപ്പിക്കൊള്ളുന്നു.

അതേസമയം ഇവിടെ പ്രസക്തമായ ഒരു സംഗതി ജോർജ് മാത്തൻ നൂറ്റൻപത് കൊല്ലം മുമ്പ് തന്നെ ലളിതമായി പറഞ്ഞുവച്ചിട്ടുള്ളത് ഉദ്ധരിക്കാതിരിക്കാൻ കഴിയുന്നില്ല. സാധാരണ വ്യാകരണം, പ്രത്യേക വ്യാകരണം എന്നിങ്ങനെയാണ് അദ്ദേഹം ഇത് സൂചിപ്പിക്കുന്നത്. ആദ്യത്തേത് എല്ലാ ഭാഷകളിലുമുള്ളത്. രണ്ടാമത്തേത് ഒരു ഭാഷയ്ക്ക് സവിശേഷമായി ഉള്ളത്. ഇവ തമ്മിലുള്ള വ്യത്യാസത്തെ ദൃഷ്ടാന്തപ്പെടുത്തണമെങ്കിൽ, സാധാരണ വ്യാകരണം പൊതുവിൽ മനുഷ്യന്റെ ലക്ഷണങ്ങളെക്കുറിച്ച് പറയുന്നതുപോലെയും പ്രത്യേക വ്യാകരണം ഒരു മനുഷ്യന്റെ തനതുലക്ഷണങ്ങളെക്കുറിച്ച് പറയുന്നത് പോലെയും ഇരിക്കുന്നു. ഭാഷാശാസ്ത്രം ഇന്നത്തെ രീതിയിൽ രൂപപ്പെടുകയോ നിർവ്വചിക്കപ്പെടുകയോ ചെയ്യുന്നതിന് മുമ്പ് അയത്ന ലളിതമായി വ്യാകരണത്തെയും ഭാഷാശാസ്ത്രത്തെയും ബന്ധിപ്പിക്കുന്ന ഒരു നിർവ്വചനം നിർമ്മിക്കുകയാണല്ലോ ജോർജ് മാത്തൻ ഇവിടെ ചെയ്തിട്ടുള്ളത്.

മലയാള ഗദ്യവും മിഷനറിമാരും തമ്മിലുള്ള ബന്ധം ആണ് ഈ കൃതി കൈകാര്യം ചെയ്യുന്ന മറ്റൊരു വിഷയം. എഴുത്തച്ഛനാണ് പദ്യത്തിൽ ഒരു മാനകം സൃഷ്ടിച്ചതെങ്കിൽ ഗദ്യത്തിൽ അത് ചെയ്തത് മിഷനറിമാരോ അവരോട് ബന്ധപ്പെട്ടിരുന്ന നാട്ടുകാരോ ആയിരുന്നു എന്നാണ് എന്റെ വിചാരം. മിഷനറിമാരുടെ രംഗപ്രവേശനത്തിന് മുമ്പ് തന്നെ ഗദ്യം രൂപപ്പെട്ടിരുന്നു എന്നതിൽ തർക്കം വേണ്ട. എന്നാൽ ഉദയമ്പേരൂർ സുന്നഹദോസിന്റെ കാനോനുകൾ വിവർത്തനം ചെയ്ത പള്ളുരുത്തി യാക്കോബ് കത്തനാർ, വർത്തമാനപുസ്തകം എഴുതിയ ഗോവർണദോർ എന്നിവരെയാണ് നാം ഇന്നറിയുന്ന ഗദ്യത്തിന്റെ ആചാര്യന്മാരായി പരിഗണിക്കേണ്ടത്. അവിടെയും മാനകഭാവം രൂപപ്പെട്ടില്ല അതിന് വഴി വച്ചത് ബെയ്‌ലിയുടെ പ്രോത്സാഹനത്തിൽ ബൈബിൾ ഭാഷാന്തരം ചെയ്ത സത്യവേദപുസ്തകം മലയാളത്തിന് സംഭാവന ചെയ്ത ചുനങ്ങാട്ട് ചാത്തുമേനോൻ എന്ന ചെങ്ങന്നൂർ തഹസീൽദാരുടെ പ്രയത്നമായിരുന്നു. ചാത്തുമേനോൻ ബൈബിൾ പരിഭാഷപ്പെടുത്തുന്ന കാലത്ത് ഓരോ പ്രദേശവും ഓരോ സമുദായവും ഓരോരോ ഭാഷാരൂപങ്ങളാണ് ഉപയോഗിച്ചിരുന്നത്. തെക്കെ മലബാറിൽ നിന്ന് മദ്ധ്യതിരുവിതാംകൂറിൽ എത്തിയ മേനോൻ ഇത് തിരിച്ചറിഞ്ഞിടത്താണ് നമ്മുടെ ഗദ്യത്തിന് ഒരു മാനകരൂപം ഉണ്ടായതിന്റെ തുടക്കം. കൊട്ടാരക്കര മുതൽ കുന്നംകുളം വരെ അച്ചൻകോവിലാർ തൊട്ട് പെരിയാർ വരെ എന്നതാവാം കുറേക്കൂടെ ശരി- നായന്മാരും സുറിയാനി ക്രിസ്ത്യാനികളും ഒരേ തരം ഗദ്യം ഉപയോഗിച്ചിരുന്നതായി നിരീക്ഷിച്ച ചാത്തുമേനോൻ അതാണ് സത്യവേദപുസ്തകത്തിൽ പ്രയോഗിച്ചത്. ഇംഗ്ലീഷിൽ കിങ് ജയിംസ് വേർഷൻ കണക്കെയാണ് നമുക്ക് സത്യവേദപുസ്തകം.

മിഷനറി ഗദ്യത്തെക്കുറിച്ച് ഈ കൃതി നൽകുന്നത് ഒരു ദിങ്മാത്ര വീക്ഷണമാണ്. അത് കുറെക്കൂടെ ആഴത്തിൽ പഠിക്കാനുണ്ട് എന്ന ചിന്തയാണ് ഇത് വായിച്ചു കഴിയുമ്പോൾ മനസ്സിൽ ബാക്കിയാവുന്നത്. എന്നാൽ മിഷനറി സാഹിത്യം, മിഷനറി വിവർത്തനങ്ങൾ എന്നീ ബന്ധങ്ങൾ കൂടെ ചേർത്തു വച്ചാൽ ഈ വിഷയത്തിലും ഈ പുസ്തകം സമ്പന്നമാണ് എന്ന് പറയാവുന്നതാണ്.

വിദ്യാഭ്യാസം, അച്ചടി, പ്രസാധനം എന്നിവയാണ് പിന്നീട് പരാമർശിക്കപ്പെടുന്നത്. ഈ പ്രബന്ധങ്ങൾ ഓരോന്നും പ്രധാനവും പാരായണക്ഷമവും തന്നെ. എന്നാൽ ഈ പുസ്തകത്തിൽ ഇവ ചേർക്കേണ്ടിയിരുന്നുവല്ലോ, ഇത്രയും ഇടം ഇവയ്ക്ക് മാറ്റി വയ്ക്കേണ്ടിരുന്നുവോ എന്നീ ചോദ്യങ്ങൾ ബാക്കിയാണ്. ലിപി മാനകീകരണത്തിലും ചിഹ്നവ്യവസ്ഥയിലും മിഷനറിമാർ നൽകിയ സംഭാവനകളെക്കുറിച്ച് അന്വേഷിക്കുന്ന പ്രബന്ധം കുറെക്കൂടെ വികസിപ്പിക്കേണ്ടതായിരുന്നു എന്നും പറഞ്ഞുകൊള്ളട്ടെ. ഇന്നും ഇംഗ്ലീഷിലെ ചിഹ്ന വ്യവസ്ഥകളാണല്ലോ നാം ഉപയോഗിക്കുന്നത്. അങ്കുശവും (,), രോധിനിയും (;), ഭിത്തികയും (:)- കോമാ, സെമികോളൻ, കോളൻ- ഉദ്ധരണിയും (" ") ചോദ്യവും (?) സൂചിപ്പിക്കുന്ന ചിഹ്നങ്ങളും കൂടാതെ നാം ഇക്കാലത്ത് എന്ത് ചെയ്തേനെ

ശ്രദ്ധിക്കപ്പെടാതെ പോയ ഒരു മേഖലയെക്കുറിച്ചും പറഞ്ഞുകൊള്ളട്ടെ. പദനിഷ്പത്തിവിജ്ഞാനീയം. ഭാഷാശാസ്ത്രത്തിന്റെ അവിഭാജ്യഘടകമാണ് വാക്കുകൾ ഉണ്ടാകുന്നത് എങ്ങനെ എന്ന അന്വേഷണം. ഗവേഷണം എന്ന പരിചിതപദം കാണാതെ പോയ ഗോവിനെ വനാന്തരത്തിൽ തിരയുന്ന ഇടയന്റെ അന്വേഷണം ആയിരുന്നു, പാൽപ്പായസത്തിൽ പുനരുക്തിയുണ്ട് (പയസ്=പാൽ, പായസം=പാൽ കൊണ്ട് ഉണ്ടാക്കുന്നത്, പാൽ ചേർക്കാത്ത അരവണപ്പായസവും ശർക്കര ചേർക്കുന്ന ശർക്കര പായസവും ഉണ്ടായപ്പോൾ പാൽപ്പായസം എന്ന രൂപം പ്രയോഗത്തിലായി), ഏൻ ആണ് ഞാൻ ആയതെങ്കിലും ഞാൻ എന്ന ശബ്ദത്തോട് വിഭക്തി പ്രത്യയം ചേരാത്തതിനാൽ ഞാന്റെ എന്ന് പറയാതെ എന്റെ എന്ന് പറയേണ്ടി വരുന്നു ഇങ്ങനെയൊക്കെ കണ്ടെത്തുന്നതാണല്ലോ എറ്റിമോളജി. പല ഭാഷാശാസ്ത്രജ്ഞർക്കും ഇക്കാര്യത്തിൽ അഭിപ്രായഭേദം ഉണ്ടാകാം എന്നറിഞ്ഞിട്ട് തന്നെയാണ് ഇത് പറയുന്നത്.

ഇനി എറ്റിമോളജി അംഗീകരിച്ചാലും മിഷനറി ഭാഷാശാസ്ത്രത്തിൽ അതിന് എന്താണ് പ്രസക്തി? കുശിനി എന്ന വാക്ക് മാത്രം മതിയല്ലോ ഉത്തരം സൂചിപ്പിക്കാൻ. കൊച്ചിയിൽ ചിലയിടങ്ങളിൽ ഇപ്പോഴും കുസീഞ്ഞ എന്നാണ് പറയുന്നത് എന്നോർക്കുക. ബൈബിൾ വിവർത്തനം ചെയ്യപ്പെടുന്നതിന് മുമ്പ് മലയാളത്തിൽ ഇല്ലാതിരുന്ന വാക്കുകൾ അഞ്ജലാ ഫ്രാൻസിസും അർത്താസും ഗുണ്ടർട്ടും ഒക്കെ രൂപപ്പെടുത്തിയിട്ടുണ്ടാവണം. ചാത്തുമേനോൻ അങ്ങനെ രൂപപ്പെടുത്തിയ പദമാണ് ബോടനണ്ടി. ബോടനണ്ടി ഇംഗ്ലീഷിലെ പിസ്റ്റാഷിയോ ആണ്. അത ്ഈ നാട്ടിൽ വളരുന്നതല്ല. പിസ്റ്റാഷിയോയുടെ എബ്രായ രൂപമാണ് ബോട്ൻ. അങ്ങനെ ചാത്തുമേനോൻ സൃഷ്ടിച്ച പദം ആണ് ബോടനണ്ടി. സ്വർഗാരോപണം, ഭൗതിക ശരീരം, മദ്യപാനി, രാഷ്ട്രീയം തുടങ്ങിയ വാക്കുകൾ പിൽക്കാലത്ത് ഐ.സി. ചാക്കോ സൃഷ്ടിച്ചത് പോലെ.

പൊതുവെ നോക്കിയാൽ ഈ പുസ്തകം ഒരു വിജ്ഞാനശാഖയിലേയ്ക്ക് മുതൽക്കൂട്ടാവുന്നത് തന്നെയാണ്. ഇനി ഒരു പതിപ്പ് ഉണ്ടാകുമ്പോൾ അത് കുറെക്കൂടെ വലുതും പൂർണ്ണവും ആകട്ടെ എന്ന ആശംസയോടെ ഈ വരിഷ്ഠകൃതി അവതരിപ്പിച്ചുകൊള്ളുന്നു.

*(മലയാളം സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന മിഷനറി ഭാഷാശാസ്ത്രം എന്ന കൃതിക്ക് ഡോ. ഡി. ബാബു പോൾ എഴുതിയ അവതാരികയാണിത്)*

9447331149